"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ: ഇ7/2590/14

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം
തീയതി: 13.02.2017

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് തൊഴിൽ ഭവനിലേയ്ക്ക് മാറ്റുന്നത് - നിലവിൽ ഓഫീസ് പ്രവർത്തിക്കുന്ന (KSHB) സ്ഥലത്തെ ക്യാബിനുകൾ കൈമാറുന്നത് - സംബന്ധിച്ച്.

*********

കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ലോവർസോൺ-നാലാം നിലയിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് ഡയറക്ടറേറ്റ് തൊഴിൽ ഭവനിലേയ്ക്ക് മാറ്റി ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടന്ന് വരുന്നു. ടി ഓഫീസ് മാറിക്കഴിയുമ്പോൾ ഇതേ സ്ഥലത്ത് ഉപയോഗിച്ച് കൊണ്ടിരുന്ന ഫർണിച്ചറുകൾ, ക്യാബിനുകൾ, ഗ്ലാസ് ചുവരുകൾ തുടങ്ങി അധികം പഴക്കമില്ലാത്തതും, പുന:രുപയോഗം സാധ്യമായതുമായ ഒട്ടേറെ വസ്തുവകകൾ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഐ.ടി.ഐ കൾക്ക് ഉപയോഗപ്രദമാണെന്ന് കരുതുന്നു. ടി സാധനങ്ങൾ ഏതെങ്കിലും ഐ.ടി.ഐ കൾക്ക് ആവശ്യമുള്ള പക്ഷം ആയത് പരിശോധിച്ച് ആവശ്യമുള്ളവയുടെ ലിസ്റ്റ് സഹിതം യഥാവിധം തയ്യാറാക്കിയ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:-
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.

L.14..02..2017